പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 74     27.06.2011ൽ മറുപടിയ്ക്ക്

<u>പോലീസ് കസ്റ്റഡി മരണങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| ശ്രീ എം. ഉമ്മർ : | ശ്രീ ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) മുൻ സർക്കാരിന്റെ കാലത്ത് എത്ര പോലീസ് കസ്റ്റഡി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ ? | എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് 12 പോലീസ് കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ട്.<br>ഇവയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>2006</u><br><br>1. കോട്ടയം ജില്ലയിലെ പാലാ പോലീസ് കസ്റ്റഡിയിലെടുത്ത സുധാകരൻ (52) എന്നയാൾ 09.09.2006 - ൽ സ്റ്റേഷനിൽ കുഴഞ്ഞുവീണ് പാലാ ആശുപത്രിയിൽ കൊണ്ടുപോകും വഴി മരിച്ചു.<br><br>2. പാലക്കാട് ജില്ലയിലെ മംഗലം ഡാം പോലീസ് കസ്റ്റഡിയിലെടുത്ത പരമേശ്വരൻ (28) എന്നയാൾ 23.07.2006 - ൽ തെളിവെടുപ്പ് നടത്തവെ നെഞ്ചുവേദന അനുഭവപ്പെടുകയും ആശുപത്രിയിൽ കൊണ്ടുപോകും വഴി മരിക്കുകയും ചെയ്തു.<br><br>3. കോഴിക്കോട് സിറ്റി ജില്ലയിലെ പന്നിയങ്കര പോലീസ് കസ്റ്റഡിയിലെടുത്ത റസാഖ് (53) എന്നയാൾ 17.07.2006 - ൽ നെഞ്ചുവേദന അനുഭവപ്പെടുകയും ആശുപത്രിയിൽ എത്തിച്ച സമയം വഴി മരിച്ചതായി കാണപ്പെട്ടു.<br><br><u>2007</u><br>1. പത്തനംതിട്ട ജില്ലയിലെ പെരുമ്പെട്ടി പോലീസ് കസ്റ്റഡിയിലെടുത്ത മനോജ് (36) എന്നയാൾ 11.07.2007 - ൽ വയറുവേദനയും വിറയലും അനുഭവപ്പെട്ടതിനെത്തുടർന്ന് കോഴഞ്ചേരി ആശുപത്രിയിൽ ചികിത്സയ്ക്കായി കൊണ്ടുപോകും വഴി മരിച്ചു. |

2008 - ൽ കസ്റ്റഡി മരണങ്ങൾ റിപ്പോർട്ട് ചെയ്യിട്ടില്ല.

2009

1. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് പോലീസ് അനാശ്യാസ പ്രവർത്തനവുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലെടുത്ത സുബൈർകുട്ടി (57) എന്നയാൾ 29.10.2009 - ൽ പെട്ടെന്നുണ്ടായ അസ്വാസ്ഥ്യത്തെതുടർന്ന് ഹരിപ്പാട് ജനറൽ ആശുപത്രിയിൽ ചികിത്സയ്ക്കായി കൊണ്ടു പോയ സമയം മരിച്ചു.

2. പത്തനംതിട്ട ജില്ലയിലെ പത്തനംതിട്ട പോലീസ് കസ്റ്റഡിയിലെടുത്ത ബിനു (38) എന്നായാൾ 19.11.2009 - ൽ തെളിവെടുപ്പിന് കൊണ്ടുപോയ സമയം സ്വർണ്ണപ്പണിക്കാരന്റെ വർക്ക് ഷോപ്പിൽ നിന്നും സയനൈഡ് കഴിച്ച് ആത്മഹത്യ ചെയ്തു.

3. എറണാകുളം റൂറൽ ജില്ലയിലെ കുന്നത്തുനാട് പോലീസ് കസ്റ്റഡിയിലെടുത്ത സാജു(62) എന്നയാൾ 19.11.2009 - ൽ സ്റ്റേഷൻ വരാന്തയിൽ കുഴഞ്ഞു വീഴുകയും കോഴഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയ്ക്കായി കൊണ്ടുപോകും വഴി മരിച്ചു.

2010

1. തിരുവനന്തപുരം സിറ്റി ജില്ലയിലെ കരമന പോലീസ് കസ്റ്റഡിയിലെടുത്ത സതീഷ് കുമാർ എന്നയാൾ 11.07.2010 - ൽ വിഷം കഴിച്ചതിനെത്തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരിച്ചു.

2. തിരുവനന്തപുരം റൂറൽ ജില്ലയിൽ കാട്ടാക്കട പോലീസ് കസ്റ്റഡിയിലെടുത്ത ബാബു (58) എന്നയാൾ 03.01.2010 - ൽ സെല്ലിൽ ബോധരഹിതനായി കാണപ്പെടുകയും തുടർന്ന് പി. എൻ. എം. ഹോസ്പിറ്റലിൽ ചികിത്സയ്ക്കായി കൊണ്ടുപോകും സമയം മരിച്ചതായി കാണപ്പെട്ടു.

3. പാലക്കാട് ജില്ലയിലെ ടൗൺ പോലീസ് കസ്റ്റഡിയിലെടുത്ത സമ്പത്ത് (30) എന്നയാൾ 30.03.2010 ൽ നെഞ്ചുവേദന അനുഭവപ്പെട്ടതിനെത്തുടർന്ന് ആശുപത്രിയിൽ എത്തിച്ച സമയം മരിച്ചതായി കാണപ്പെട്ടു.

4. കണ്ണൂർ ജില്ലയിലെ തലശ്ശേരി പോലീസ് കസ്റ്റഡിയിലെടുത്ത നാസ്സർ (38) എന്നയാൾ 25.01.2010- ൽ സ്റ്റേഷനിലെ ലോക്കപ്പിന്റെ അഴിയിൽ ലുങ്കി ഉപയോഗിച്ച് കെട്ടിത്തൂങ്ങി ആത്മഹത്യചെയ്തു.

5. കണ്ണൂർ ജില്ലയിലെ ചൊക്ലി പോലീസ് കസ്റ്റഡിയിലെടുത്ത ഇസ്മായിൽ എന്നയാൾ 16.09.2010 - ൽ പോലീസ് ചോദ്യം ചെയ്യുന്നതിനിടെ കുഴഞ്ഞു വീഴുകയും തുടർന്ന് ചൊക്ലി സി. എം. സി ആശുപത്രിയിൽ വെച്ച് മരിക്കുകയും ചെയ്തു.

(2011 - ജൂൺ 20 വരെ കസ്റ്റഡി മരണങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.)

സെക്ഷൻ ഓഫീസർ